I ഇ.ബി. XIV - കേരള നിയമസഭ /VII-9

**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ആഗസ്റ്റ് 21, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

ഹൈക്കോടതി വിമർശനം

മി. സ്പീക്കർ: സംസ്ഥാന ബാലാവകാശ കമ്മീഷനിലെ രണ്ടംഗങ്ങളെ നിയമിക്കുന്നതിന് അപേക്ഷാ തീയതി ദീർഘിപ്പിക്കാൻ നിർദ്ദേശം നൽകിയ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ നടപടി സദുദ്ദേശപരമല്ലെന്നും സ്വജനപക്ഷപാതത്തിന്റെയും അധികാര ദുർവിനിയോഗത്തിന്റെയും

സത്യപ്രതിജ്ഞാ ലംഘനത്തിന്റെയും സുവ്യക്തമായ തെളിവാണെന്നും ഹൈക്കോടതി പരാമർശിച്ചിട്ടും ആരോഗ്യ വകുപ്പുമന്ത്രി അധികാരത്തിൽ തുടരുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സംസ്ഥാന ബാലാവകാശ കമ്മീഷനിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി പത്ര പരസ്യം നൽകിയതുപ്രകാരം ലഭിച്ച 103 അപേക്ഷകളിൽ 40 എണ്ണം നിശ്ചിത യോഗ്യതയുണ്ടെന്ന് കണ്ടെത്തുകയും അവ വകുപ്പുസെക്രട്ടറി മേൽനടപടിക്കായി ആരോഗ്യ വകുപ്പുമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തു. അപേക്ഷാ തീയതി ദീർഘിപ്പിച്ച് നൽകാൻ മന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുതായി ലഭിച്ച 51 അപേക്ഷകളിൽ 11 എണ്ണം മാനദണ്ഡമനുസരിച്ചുള്ളതാണെന്ന് കണ്ടെത്തി. മുൻ സർക്കാരിന്റെ കാലത്തും അപേക്ഷാ തീയതി നീട്ടി നൽകിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പുമന്ത്രി ചെയർമാനായ സമിതി ചട്ടപ്രകാരമാണ് ബാലാവകാശ കമ്മീഷനിലെ അംഗങ്ങളെ നിയമിച്ചത്. സർക്കാർ നിയമിച്ചവരുടെ യോഗ്യതയെ സംബന്ധിച്ച് ഹൈക്കോടതി പ്രതികൂല പരാമർശം നടത്തിയിട്ടില്ല. ഇക്കാര്യങ്ങൾ

ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നിയമനടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ഷാഫി പറമ്പിൽ: അധികാര ദുർവിനിയോഗം നടത്തിയിരിക്കുന്നുവെന്ന കോടതിവിധിയുണ്ടായിട്ടും രാജിവയ്പിക്കാതെ ആരോഗ്യ വകുപ്പുമന്ത്രിയെ മുഖ്യമന്ത്രി സംരക്ഷിക്കുകയാണ് ചെയ്യുന്നത്. ബാലാവകാശ കമ്മീഷനിലെ രണ്ടംഗങ്ങളെ നിയമവിരുദ്ധമായി നിയമിക്കുന്നതിനായി അപേക്ഷാ തീയതി ദീർഘിപ്പിച്ചത് സംബന്ധിച്ച് കോടതി വെളിപ്പെടുത്തിയിരിക്കുകയാണ്. കമ്മീഷനുകളുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ സമയബന്ധിതമായി നിയമനം നടത്തണമെന്ന് സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. ആദ്യം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകളിൽനിന്നും ബാലാവകാശ കമ്മീഷനിലെ അംഗങ്ങളെ നിയമിക്കാമായിരുന്നിട്ടും കാരണം വ്യക്തമാക്കാതെ അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി നീട്ടിക്കൊടുക്കുകയും പുതുതായി അപേക്ഷിച്ചവരെ ഉൾപ്പെടുത്തി നിയമനം നടത്തുകയുമാണ് ചെയ്തിരിക്കുന്നത്. യോഗ്യതയുള്ളവരെ പരിഗണിക്കാതെ ഗുരുതരമായ കൃത്യവിലോപം കാണിച്ചയാളെ ബാലാവകാശ കമ്മീഷൻ അംഗമായി നിയമിച്ചതുവഴി ആരോഗ്യ വകുപ്പുമന്ത്രി സത്യപ്രതിജ്ഞാ ലംഘനമാണ് നടത്തിയിരിക്കുന്നത്. ബാലാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിന് 50,000/- രൂപയാണ്

പിഴയടയ്ക്കേണ്ടി വന്നിരിക്കുന്നത്. നിരവധി കേസുകളിൽ പ്രതിയായ ഒരാൾക്ക് നിയമനം നൽകി അധികാര ദുർവിനിയോഗം നടത്തിയ മന്ത്രി രാജിവയ്ക്കാൻ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബാലാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനവും അപേക്ഷാ തീയതി നീട്ടിയതുസംബന്ധിച്ച സത്യാവസ്ഥയും കോടതിയെ ബോധ്യപ്പെടുത്തുന്നതാണ്. അർഹതപ്പെട്ടവർക്ക് അവസരം ലഭിക്കുന്നതിനുവേണ്ടിയാണ് കാലാവധി നീട്ടിയത്. നേരത്തെ അപേക്ഷിച്ചവരുടെ സാധ്യത നിലനിർത്തിക്കൊണ്ടാണ് പുതിയ അപേക്ഷകൾ സ്വീകരിച്ചത്. മനുഷ്യാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ, പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ പലരും സ്ഥാനമാനങ്ങൾ വഹിച്ചിട്ടുള്ളതിനാൽ ബാലാവകാശ കമ്മീഷനിലും രാഷ്ട്രീയബോധവും നിലപാടുകളുമുള്ള വ്യക്തികൾ നിയമിതരാകുന്നതിൽ നിയമതടസ്സമില്ല. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ സംബന്ധിച്ച് വ്യക്തമായ ക്ലിയറൻസ് ലഭിച്ചതിനുശേഷമാണ് നിയമന നടപടികൾ ആരംഭിച്ചത്. ഈ വിഷയത്തിൽ മന്ത്രി രാജിവയ്ക്കേണ്ട സാഹചര്യമോ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമോ ഇല്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബാലാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗം കേൾക്കാതെയാണ് വിധി പുറപ്പെടുവിച്ചതെന്ന് പറയുന്നത് വിശ്വസനീയമല്ല. വാക്കാലുള്ള പരാമർശമല്ല കോടതി നടത്തിയിട്ടുള്ളത്. മന്ത്രിയുടെ തീരുമാനത്തെ സംബന്ധിച്ചും ബാലാവകാശ കമ്മീഷനിലെ നിയമനം റദ്ദാക്കിക്കൊണ്ടുമുള്ള സുപ്രധാന വിധിയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. സെലക്ഷൻ കമ്മിറ്റിയുടെ ചെയർപേഴ്സൺ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയാണ്. ആറ് അംഗങ്ങളെ നിയമിക്കുന്നതിന് ആദ്യം അപേക്ഷ ക്ഷണിച്ച് ചുരുക്കപ്പട്ടികയുണ്ടാക്കിയെങ്കിലും അതിൽ തങ്ങളുടെ വേണ്ടപ്പെട്ടവർ ഉൾപ്പെട്ടിട്ടില്ലെന്ന് കണ്ട് മറ്റ് കാരണങ്ങളൊന്നും ചൂണ്ടിക്കാണിക്കാതെ അപേക്ഷാ തീയതി ദീർഘിപ്പിക്കുകയും പുതിയ അപേക്ഷകൾകൂടി ചേർത്ത് ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. മന്ത്രിയുടെ അധികാരമുപയോഗിച്ച് സ്വന്തം രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളിനെ നിയമിക്കാൻ വേണ്ടി കാലാവധി നീട്ടിക്കൊടുത്തത് സ്വജനപക്ഷപാതവും അധികാര ദുർവിനിയോഗവുമാണ്. ഇക്കാരണങ്ങളാൽ മന്ത്രി രാജി വയ്ക്കണം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II അറിയിപ്പ്

സമയം ദീർഘിപ്പിച്ചത് സംബന്ധിച്ച്

മി.സ്പീക്കർ: 23.08.2017 -ന് സഭയുടെ പരിഗണനയ്ക്ക് വരാനുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിനുള്ള വകുപ്പുകൾക്ക് ഭേദഗതി നൽകാനുള്ള സമയം ഇന്നുച്ചയ്ക്ക് 12.00 മണി എന്നത് 3.00 മണി വരെ ദീർഘിപ്പിച്ച വിവരം അംഗങ്ങളെ അറിയിക്കുന്നു.

## III ശ്രദ്ധക്ഷണിക്കൽ

റവന്യൂ വനം വകുപ്പുകളുടെ സർവ്വേ

ശ്രീ. സി. കെ. ശശീന്ദ്രൻ: സംസ്ഥാനത്തെ ഒറ്റ യൂണിറ്റായി കണക്കാക്കി റവന്യൂ, വനം വകുപ്പുകൾ സംയുക്ത സർവ്വേ നടത്തുന്നതുമൂലം ഭൂമിയുടെ അവകാശം സംബന്ധിച്ച രേഖ ലഭിക്കുന്നതിന് കർഷകർക്ക് കാലതാമസം നേരിടുന്നുണ്ട്. സർവ്വേ പൂർത്തീകരിച്ച ജില്ലകളിലെ ഭൂമി കൈമാറുന്നതിനാവശ്യമായ സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിൽ ചെലുത്തുന്നതിനും പൂർത്തീകരിക്കാത്ത ജില്ലകളിൽ അടിയന്തരമായി സർവ്വേ പൂർത്തീകരിച്ച് കർഷകർക്ക് ഭൂമി നൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 01.01.1977-ന് മുമ്പ് വനഭൂമി കൈവശം ഉണ്ടായിരുന്നവർക്ക് 1993-ലെ വനഭൂമി

കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടപ്രകാരമാണ് പട്ടയം നൽകിവരുന്നത്. സംസ്ഥാനത്തൊട്ടാകെ ഒറ്റ പ്രൊപ്പോസലാണ് സമർപ്പിക്കേണ്ടതെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കിയ 5 ജില്ലകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടയം നൽകുന്നത് സംബന്ധിച്ച കാലതാമസം ഒഴിവാക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ നടന്നുവരുന്നു. സംയുക്ത പരിശോധന നടത്താൻ ശേഷിക്കുന്നത് 31.12.2017-നകം പൂർത്തിയാക്കണമെന്ന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പരിശോധന പൂർത്തിയാകാത്ത ജില്ലകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കി കേന്ദ്രാനുമതിക്കായി സമർപ്പിച്ച് പട്ടയം നൽകുന്നതാണ്.

(ശ്രീ. കെ. സി. ജോസഫ് സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## IV സബ്മിഷൻ

(1) റിൻസി ബിജുവിന്റെ ദുരൂഹമരണം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: കലഞ്ഞൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കുന്ന റിൻസി ബിജുവിന്റെ ദുരൂഹമരണത്തെക്കുറിച്ചുള്ള അന്വേഷണം

ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): റിൻസി ബിജുവിന്റെ മരണവുമായി ബന്ധപ്പെട്ട് പുനലൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മരണപ്പെട്ട റിൻസിയുടെ മാതാപിതാക്കളുടെ മറുപടിയിൽ വൈരുദ്ധ്യമുള്ളതിനാൽ മരണകാരണവുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തത വരുത്തുന്നതിനായി പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർമാരുടെ ടീമിനോടൊപ്പം ജില്ലാ പോലീസ് മേധാവിയും പുനലൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമടക്കമുള്ള ഉദ്യോഗസ്ഥർ കുറ്റകൃത്യം നടന്ന സ്ഥലം വിശദമായി പരിശോധിക്കുകയുണ്ടായി. കേസന്വേഷണത്തിനായി ഒരു പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുണ്ട്. കൂടുതൽ വിശദമായ അന്വേഷണം ആവശ്യമാണെങ്കിൽ പരിശോധിക്കാം.

(2) ജീവനക്കാരുടെ ശമ്പളം

ശ്രീ. കോവൂർ കുഞ്ഞുമോൻ: കേരള അഗ്രോ മെഷിനറി കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും ശമ്പളത്തിലെ അന്തരം പരിഹരിക്കുന്നതിനും സ്ഥിരം ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ): കേരള അഗ്രോ മെഷിനറി കോർപ്പറേഷന്റെ ഗ്രേഡ് 1 & 2 ഓഫീസർ തസ്തിക ഒഴികെയുള്ള നിയമനങ്ങളെല്ലാം

പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ നിയമനങ്ങൾ കമ്പനി/ കോർപ്പറേഷൻ/ബോർഡ് എന്നിവയിലേയ്ക്കുള്ള പി.എസ്.സി.-യുടെ പൊതു റാങ്ക് ലിസ്റ്റിൽ നിന്നാണ് നടത്തുന്നത്. ആയതിനാൽ അതാത് തസ്തികകൾക്ക് ബാധകമായ ശമ്പള സ്കെയിലിലാണ് നിയമനം നടത്തുന്നത്. എന്നാൽ പ്രൊഡക്ഷൻ വിഭാഗത്തിലെ മെക്കാനിക്, പെയിന്റർ, വർക്ക് അസിസ്റ്റന്റ്, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസറി ഓഫീസർ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കാംകോയ്ക്ക് മാത്രമായാണ് നടത്തുന്നത്. ആയതിനാൽ കോർപ്പറേഷനിൽ നിലവിലുള്ളതും പി.എസ്.സി അംഗീകരിച്ചതുമായ സ്പെഷ്യൽ റൂൾസ് പ്രകാരം രണ്ട് വർഷം ട്രെയിനിംഗും അവർക്ക് ബാധകമായ സ്റ്റൈപന്റും മാത്രമായിരിക്കും ലഭിക്കുക. കാംകോയിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാൻ കഴിഞ്ഞ മന്ത്രിസഭായോഗത്തിൽ തീരുമാനിച്ചിരുന്നു. ശമ്പളപരിഷ്കരണം വൈകുന്ന സാഹചര്യത്തിൽ ട്രെയിനികൾ ഉൾപ്പെടെയുള്ള തൊഴിലാളി വിഭാഗത്തിലെ എല്ലാ ജീവനക്കാർക്കും 3500/- രൂപ ഇടക്കാലാശ്വാസം നൽകുന്നുണ്ട്. നിയമന വ്യവസ്ഥകളിലെ അന്തരം പരിഹരിക്കണമെന്ന് ജീവനക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് കാലാവധി ഒരു വർഷമായി നിശ്ചയിക്കുന്നതിന്

ശിപാർശ ചെയ്യുകയും സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരികയുമാണ്. പി.എസ്.സി വഴി നിയമനം ലഭിക്കുന്ന തീയതി മുതൽ ടെക്നിക്കൽ തസ്തികയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് കൂടി നിശ്ചിത ശമ്പളസ്കെയിലിൽ വേതനം ലഭിക്കുന്ന തരത്തിൽ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭാനടപടികൾ രാവിലെ 10.29-ന് നിർത്തിവയ്ക്കുകയും 11.14 ന് പുനരാരംഭിക്കുകയും ചെയ്തു.)

(ശേഷിക്കുന്ന സബ്മിഷനുകളുടെ ഉത്തരങ്ങൾ അതാത് അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണെന്ന് സ്പീക്കർ സഭയെ അറിയിച്ചു.)

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

1. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനൊന്നാമത് റിപ്പോർട്ട്.
2. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ.

## VI. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മഴക്കുറവുമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം

സംസ്ഥാനത്ത് മഴക്കുറവുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന സത്വരനടപടി സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VII ഗവൺമെന്റ് പ്രമേയം

'സർഫാസി' ആക്ടിലെ വ്യവസ്ഥകൾ ബാധകമാക്കുന്നത് ഒഴിവാക്കണമെന്ന ആവശ്യം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൃഷിഭൂമി പണയപ്പെടുത്തി കാർഷിക വായ്പയെടുക്കുന്ന ചെറുകിടകൃഷിക്കാർക്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ റവന്യൂ റിക്കവറി നടപടികൾ നേരിടുന്നത് സംബന്ധിച്ചാണ് ഈ പ്രമേയം തയ്യാറാക്കിയിട്ടുള്ളത്. സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിനെ റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നതിനാൽ നിയമത്തിലെ സെക്ഷൻ 7, 8 വകുപ്പുകളിൽ മാറ്റം വരുത്തി 5 ലക്ഷം രൂപയുടെ വായ്പാ തിരിച്ചടവിൽ നിന്ന് ഗ്രാമപ്രദേശങ്ങളിൽ ഒരേക്കറും നഗരപ്രദേശങ്ങളിൽ 50 സെന്റുമുള്ള കൃഷിഭൂമിയെ റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഒഴിവാക്കാനാണ്

ഉദ്ദേശിക്കുന്നത്. കൂടാതെ SARFASI ആക്ടിലെ സെക്ഷൻ 31-ൽ ആവശ്യമായ ഭേദഗതി വരുത്തി വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകരുടെ കിടപ്പാടം ജപ്തിയിൽ നിന്ന് ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം സഭ ഏകകണ്ഠമായി പാസ്സാക്കണം.

'2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ 31-ാം വകുപ്പിന്റെ (ഐ) ഖണ്ഡപ്രകാരം, പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ഒരു കൃഷി ഭൂമി സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

സമാനമായി 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാക്കുന്നത് ലക്ഷക്കണക്കിന് നിർദ്ധന കുടുംബങ്ങളെ ദുരിതത്തിലേയ്ക്ക് തള്ളിവിടും എന്നതിനാലും;

5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി,

പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ഈ സഭ ഇതിനാൽ അഭ്യർത്ഥിക്കുന്നു. '

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VIII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.

<u>കടകംപള്ളി സുരേന്ദ്രൻ)</u>: സഹകരണ നിയമത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ നിർവ്വചനം, ജില്ലാ സഹകരണ ബാങ്കിൽ വോട്ടവകാശമുള്ള അംഗത്വം തുടങ്ങിയവയിലുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഈ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ. സഹകരണ മേഖലയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ ശിപാർശ പ്രകാരമാണ് ജില്ലാ സഹകരണ ബാങ്കുകളുടെ നിർവ്വചനത്തിൽ മാറ്റം വരുത്തിക്കൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചത്. മൂലനിയമത്തിലെ 16 എ, 19 എ എന്നീ വകുപ്പുകളും സഹകരണ സംഘത്തിന്റെ പ്രസിഡന്റും വൈസ് പ്രസിഡന്റും തുടർച്ചയായി രണ്ടുതവണയിൽ കൂടുതൽ പ്രസ്തുത സ്ഥാനം വഹിക്കുന്നത് തടയുന്നതിന് കൊണ്ടുവന്നിട്ടുള്ള ഭേദഗതിയും ഒഴിവാക്കാനാണ് ആലോചിക്കുന്നത്. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയും ക്ഷേമവും ലക്ഷ്യമാക്കിക്കൊണ്ടുവന്ന ബില്ലിന് എല്ലാവരുടെയും പിന്തുണയും സഹകരണവുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിലെ അവ്യക്തതയും വൈരുദ്ധ്യവും നിറഞ്ഞ വ്യവസ്ഥകൾ സഹകരണ മേഖലയുടെ

കാര്യക്ഷമതയെയും വികസനത്തെയും ബാധിക്കും. നാമമാത്ര അംഗങ്ങൾക്കും അസോസിയേറ്റ് അംഗങ്ങൾക്കും വായ്പ ലഭിക്കാനുള്ള അവകാശം നിർവ്വചന ഭേദഗതിയിൽ വ്യക്തമാക്കിയിട്ടില്ല. സഹകരണ സംഘത്തിന്റെ പ്രസിഡന്റും വൈസ് പ്രസിഡന്റും തുടർച്ചയായി രണ്ടുതവണയിൽ കൂടുതൽ പ്രസ്തുത സ്ഥാനം വഹിക്കാൻ പാടില്ലായെന്ന വ്യവസ്ഥ ബില്ലിൽനിന്നും നീക്കം ചെയ്യണം. സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയില്ലാതെ സഹകരണ സ്ഥാപനങ്ങൾ മറ്റ് ബാങ്കുകളിൽ നടത്തിയിട്ടുള്ളതും ബാധ്യതയില്ലാത്തതുമായ നിക്ഷേപങ്ങളുടെ ഈടിന്മേൽ നബാർഡിൽനിന്നോ എൻ.സി.ഡി.സി.-യിൽനിന്നോ വായ്പയെടുത്താൽ അങ്ങനെയുള്ള സംഘങ്ങളുടെ ഭരണസമിതിയെ നീക്കം ചെയ്യാനുള്ള വ്യവസ്ഥയും ബില്ലിൽനിന്നും ഒഴിവാക്കണം. കേരള സഹകരണ സംഘ നിയമത്തിൽ മൂന്നുപേരിൽ അധികരിക്കാത്ത ഒരു അഡ്മിനിസ്ട്രേറ്ററെ മാത്രമേ പിരിച്ചുവിടപ്പെടുന്ന അല്ലെങ്കിൽ ഭരണസമിതിയില്ലാതാകുന്ന സംഘത്തിന്റെ ഭരണം നടത്താൻ നിയോഗിക്കാവൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഒന്നോ അതിൽ കൂടുതലോ ഭരണാധിപൻമാർ എന്നത് ഒരു ഭരണാധിപൻ എന്ന് ഭേദഗതി ചെയ്യണം. സഹകരണമേഖലയെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥ ഒഴിവാക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ മേഖലയുടെ പ്രാധാന്യം നഷ്ടപ്പെടുത്തുന്ന ജനാധിപത്യവിരുദ്ധമായ ഭേദഗതി

ബില്ലാണിത്. കാർഷിക വായ്പാസംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടണം. ജനാധിപത്യമൂല്യങ്ങൾക്ക് വിരുദ്ധമായ നിബന്ധനകൾ സഹകാരികൾക്കും സംഘങ്ങൾക്കുംമേൽ അടിച്ചേൽപ്പിക്കപ്പെടരുത്. ആഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തണം. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വ്യക്തിഗത നിക്ഷേപകർക്ക് അംഗത്വം നൽകണം. അംഗത്വം റദ്ദ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഒഴിവാക്കുന്നത് പുനഃപരിശോധിക്കണം. ജില്ലാ ബാങ്ക് ഭരണസമിതികൾ പിടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ പ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. രണ്ട് തവണയിലധികം ഒരംഗം പ്രസിഡന്റ് അല്ലെങ്കിൽ വൈസ് പ്രസിഡന്റ് സ്ഥാനം വഹിക്കരുതെന്ന വ്യവസ്ഥ ജനാധിപത്യവിരുദ്ധമാണ്.

ശ്രീ. ഹൈബി ഈഡനുവേണ്ടി (ശ്രീ. വി. ഡി. സതീശൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെയും ജില്ലാ ബാങ്കുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള യാതൊരു വ്യവസ്ഥയും

ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. സഹകരണ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന നിലപാടാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അംഗത്വം നിഷേധിക്കുന്ന നിലപാട് അംഗീകരിക്കാവുന്നതല്ല. ഇടതുപക്ഷം അതിശക്തമായി എതിർത്ത പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ വ്യവസ്ഥകൾ ഈ ബില്ലിന്റെ ഭാഗമായത് ലജ്ജാകരമാണ്. മെമ്പർഷിപ്പുകളുടെ സത്യസന്ധത പരിശോധിക്കപ്പെടണം. വാർഡ് അടിസ്ഥാനത്തിൽ അല്ലാതെ ഇലക്ഷൻ നടത്തണമെന്നുള്ള ഭേദഗതി ബൈലായിലെ വ്യവസ്ഥയ്ക്കെതിരാണ്. മൂലനിയമത്തിലെ 28 (എ,ബി) വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിയമപരമായ പിൻബലമില്ലാത്തതും യുക്തിസഹമല്ലാത്തതും നിക്ഷിപ്ത താൽപര്യം മുൻനിർത്തിയുള്ളതുമാണ്. കേരള ബാങ്കിനെ സംബന്ധിച്ചുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ നടപ്പാക്കിക്കൊണ്ട് സഹകരണ ബാങ്കുകളെ ആധുനികവത്കരിക്കണം. സഹകരണ മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റേയും റിസർവ് ബാങ്കിന്റേയും ഇടപെടലുകളുണ്ടാകുന്ന രീതിയിലുള്ള രജിസ്ട്രാറുടെ സർക്കുലർ പിൻവലിക്കണം. സഹകരണ മേഖലയെ മെച്ചപ്പെടുത്തുന്നതിനുള്ള യാതൊരു നിർദ്ദേശവുമില്ലാത്ത ബില്ലിനെ എതിർക്കുന്നു.

ശ്രീമതി യു. പ്രതിഭ ഹരിക്കുവേണ്ടി (ശ്രീ. വി . ജോയി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രത്യേക അപ്പെക്സ് ബോഡി നിലവിലുള്ള വിവിധ സംഘങ്ങളെ ജില്ലാ സഹകരണ ബാങ്കുകളിൽ അസോസിയേറ്റ് അംഗമായി നിലനിർത്തുന്ന തെറ്റായ നടപടി അവസാനിപ്പിക്കണം. ജില്ലാ സഹകരണ ബാങ്കുകൾ ഇതര സംഘങ്ങൾക്ക് വായ്പ അനുവദിച്ച് കടക്കെണിയിലായിരിക്കുകയാണ്. പ്രാഥമിക സഹകരണ ബാങ്കുകളിൽ പ്രസിഡന്റായും വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെടുന്നത് നിശ്ചിത തവണത്തേയ്ക്ക് മാത്രമായി നിജപ്പെടുത്തണം. 'മേക്ക് ഇൻ ഇന്ത്യ ത്രൂ കോ-ഓപ്പറേറ്റീവ്സ്' എന്ന പദ്ധതിയെ അട്ടിമറിക്കുന്ന നിലപാടുകളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിനെ ഉപയോഗിച്ച് രാജ്യത്തിനുതന്നെ മാതൃകയായ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങളെ നശിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ബോധപൂർവ്വമായ ശ്രമം നടത്തുകയാണ്. സഹകരണ ബാങ്കുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള റേഷ്യോ 1:1 ആയി പുനഃക്രമീകരിക്കണം. ആഡിറ്റ് മാനുവൽ പരിഷ്കരിക്കുന്നതിനും പെർഫോർമൻസ് ആഡിറ്റിന്റെ രൂപത്തിൽ സഹകരണ സ്ഥാപനങ്ങളിലെ

ആഡിറ്റിംഗിന് പ്രത്യേക ടീമിനെ നിയോഗിക്കുന്നത് സംബന്ധിച്ചും ആലോചിക്കണം. സഹകരണ മേഖലയിലെ വിജിലൻസ് വിംഗ് ശക്തിപ്പെടുത്തതിനുള്ള നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പ്രവർത്തനത്തിന്റെയും ആധുനിക വത്കരണത്തിന്റെയും കാര്യത്തിൽ സംസ്ഥാനത്തെ സഹകരണ മേഖല രാജ്യത്തിനുതന്നെ മാതൃകയാണ്. ആധുനിക കാലഘട്ടത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ള സമഗ്രമായ ഭേദഗതി സഹകരണ നിയമത്തിൽ വരുത്തേണ്ടതുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ ഇതര സംഘങ്ങൾക്ക് അംഗത്വം നൽകി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ നിലനില്പിനെ നശിപ്പിക്കുന്ന സമീപനം അംഗീകരിക്കാനാകില്ല. കാർഷികേതര സഹകരണ സംഘങ്ങളെ ജില്ലാ ബാങ്കിന്റെ ഭരണസമിതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് അംഗത്വം പരിമിതപ്പെടുത്താനാണ് ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ഇല്ലായ്മ ചെയ്യുന്ന തരത്തിലുള്ള പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശത്തെ കേരളത്തിലെ സഹകാരികൾ എതിർക്കുകയാണ് ചെയ്തത്. പ്രാഥമിക കാർഷിക സഹകരണ

സംഘങ്ങളിൽനിന്നും 40% കാർഷിക വായ്പ നൽകുന്നതിനാവശ്യമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കാർഷികേതര സംഘങ്ങളുടെ നിക്ഷേപം സ്വീകരിക്കുന്നതിനും വായ്പ നൽകുന്നതിനും ജില്ലാ ബാങ്കുകൾ തയ്യാറാകണമെന്നാണ് സർക്കാരിന്റെ നിലപാട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിച്ച് സഹകരണ മേഖലയിൽ സജീവത ഉയർത്തിക്കൊണ്ടുവരാനാണ് ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് പാടില്ലെന്ന ശിവദാസൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ കണക്കിലെടുത്തുകൊണ്ടാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഈ ബിൽ നിലവിൽ വരുന്നതോടുകൂടി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാർഷിക മേഖലയിൽ ഉണർവ് സൃഷ്ടിക്കുന്നതിനും കഴിയും. എം.എസ്. ശ്രീറാം കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് കേരളത്തിലെ സഹകാരികളുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ കേരള ബാങ്ക് രൂപീകരിക്കുകയുള്ളൂ. കേരളത്തിലെ സഹകാരികളും പൊതുസമൂഹവും കേരള ബാങ്ക് എന്ന ആശയത്തെ സ്വാഗതം ചെയ്യുകയാണ്. ഈ ബാങ്ക് യാഥാർത്ഥ്യമായാൽ സംസ്ഥാനത്തിന്റെ വിഭവം പുറത്തുപോകില്ലെന്ന് മാത്രമല്ല വിദേശ മലയാളികളുടെ കോടിക്കണക്കിന് രൂപ സമാഹരിക്കാനും സാധിക്കും. സഹകരണ മേഖല

അഴിമതിരഹിതമാക്കാൻ ജോയിന്റ് ആഡിറ്റിംഗ് സംവിധാനം കൊണ്ടുവരാൻ ശ്രമിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

118. Section 2(ia) of the Principal Act proposed to be substituted by clause 2 shall be recast as follows:

" (ia) " District Co-operative Bank" means a Central Society having jurisdiction over one revenue district and having as its members Primary Agricultural Credit Societies and Urban Co-operative Banks and the principal object of which is to raise funds to be lent to its members, including nominal or associate members;".

119, 121, 122, 123, 124, 125, 128, 129, 130, 131, 132 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി 32-നെതിരെ 76 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

139 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

141, 142, 143, 144, 145, 146, 147, 148 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

148. In the third proviso to section 18(1) of the principal Act proposed to the amended by clause 4, the word " members" shall be substituted with the word " member"

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 147 -ാം നമ്പർ ഭേദഗതി 32 നെതിരെ 76 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

155-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

156. In clause 6,-

(i) for the words, " The third proviso in sub-section (1) proposed to be omitted by item (a) of clause 6 the following clause shall be substituted namely:-" , the following words, letter and bracket shall be substituted, namely:-,

" (a) In sub-section (1), for the third proviso, the following proviso shall be substituted, namely:-,"

(ii) for clause (a), the following proviso shall be substituted, namely:-

" Provided also that the election to the Committees of the societies shall not be conducted on ward basis irrespective of any provisions to the contrary contained in the bye-laws of any society;" .

157, 158, 160, 161, 162, 163, 166, 167, 168, 170 എന്നീ നമ്പർ

ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

161. In section 28 (1) proposed to be substituted in the principal Act, by clause 6 (a), for the word " bylaws" , the word " bye-laws" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

(7-ാം വകുപ്പ് സഭയുടെ അനുമതിയോടെ പൂർണ്ണമായി പിൻവലിക്കാനും മറ്റ് വകുപ്പുകൾ പുനരക്കം ചെയ്യാനും തീരുമാനിച്ചു.)

## 7-ാം വകുപ്പ്

191, 192, 193, 194, 195, 196, 197, 198, 199 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

192. In Explanation I to section 32(1) proposed to be inserted in the principal Act by clause 8, the words " Kerala State Co-operative Deposit Guarantee Fund Board" shall be substituted with the words " Kerala Co-operative Deposit Guarantee Fund Board" .

193. In Explanation I after the third proviso to section 32(1) proposed to be inserted in the principal Act by clause 8, the words " Risk Fund Scheme" shall be substituted with the words " Kerala Co-operative Risk Fund Scheme"

194. In Explanation I after the third proviso to section 32(1) proposed to be inserted in the principal Act by clause 8, the word " NABARD" shall be substituted with the words " National Bank of Agricultural and Rural Development" .

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

200, 201, 202, 204, 205, 206, 208, 209, 210, 211, 212, 213, 214, 215, 216, 218, 219, 221, 225, 222, 223, 224, 226, 227, 228, 229, 230, 232, 233, 235, 236, 237 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

232. In clause 9(3), the word " committees" shall be substituted with the word " committee"

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

238-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

106, 108, 109, 111, 112, 113, 116, 117, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

112. In clause 1(2), " 10th" shall be substituted by " $10^{th}$"

മന്ത്രി സ്വീകരിച്ച ഭേഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.

കടകംപള്ളി സുരേന്ദ്രൻ): 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 32-നെതിരെ 77 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കെതിരെ കോടതി വ്യക്തമായ പരാമർശം

നടത്തിയിട്ടും രാജിവയ്ക്കാതിരിക്കുന്നത് അധാർമ്മികമാണ്. രാജിവയ്ക്കാത്ത മന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ച് ബിൽ അവതരണവുമായി ബന്ധപ്പെട്ട നടപടികൾ ബഹിഷ്കരിക്കാൻ യു.ഡി.എഫ്. തീരുമാനിച്ചിരിക്കുകയാണ്. സർവ്വശ്രീ. വി. പി. സജീന്ദ്രൻ, ടി.വി. ഇബ്രാഹിം, റോജി എം. ജോൺ, എൽദോസ്. പി. കുന്നപ്പിള്ളിൽ, എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ സഭാകവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്നതാണ്.

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം മുഴക്കികൊണ്ട് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

(വിയോജനക്കുറിപ്പുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. ജെയിംസ് മാത്യുവിനുവേണ്ടി (ശ്രീ. എം. സ്വരാജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്ന് രൂപപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യത്തെ ശരിയായ രീതിയിൽ അഭിമുഖീകരിക്കുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ

ഭാഗമായുള്ള നിയമനിർമ്മാണമാണിത്. കേരളത്തിൽ ഹയർ സെക്കണ്ടറി തലം വരെ നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസ പദ്ധതി യാഥാർത്ഥ്യമാക്കാനും സർക്കാർ സർവ്വീസിൽ സാധാരണക്കാർക്കും ദുർബ്ബല ജനവിഭാഗങ്ങൾക്കും കടന്നുവരാൻ സാധിക്കുന്ന അന്തരീക്ഷം ഒരുക്കിയെടുക്കാനും സാധിച്ചത് ഇടതുപക്ഷ ജനാധിപത്യ സർക്കാരുകളുടെ പരിശ്രമ ഫലമായാണ്. സ്വാശ്രയ മാനേജ്മെന്റുകളുടെ വക്താക്കളാകുന്ന യു.ഡി.എഫ്. സമീപനത്തിൽനിന്ന് വ്യത്യസ്തമായി നിയമാനുസൃതമായ രീതിയിൽ പ്രവേശന നടപടികൾ സുതാര്യമാക്കാനുള്ള പരിശ്രമമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. നീറ്റ് റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തണമെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ സംവരണ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഫീസിളവും സംവരണവും തുടരുന്നതോടൊപ്പം സാധാരണക്കാരായ വിദ്യാർത്ഥികൾക്കുകൂടി മെഡിക്കൽ വിദ്യാഭ്യാസം സാധ്യമാകുന്ന വിധത്തിലുള്ള നിയമ നിർമ്മാണം നടത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഫീസ് ഘടനയെ സംബന്ധിച്ച വിദ്യാർത്ഥി താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഫീസ് നിർണ്ണയ സമിതിയിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പുവരുത്തണം. സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന വിദ്യാർത്ഥി വിരുദ്ധ സമീപനം അവസാനിപ്പിക്കാനും ന്യായമായ ഫീസും സാമൂഹ്യനീതിയും ഉറപ്പുവരുത്താനും ഈ നിയമനിർമ്മാണം ഉപകരിക്കും.

<u>ശ്രീ. കെ. രാജൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം സാധ്യമാക്കുന്ന നിയമനിർമ്മാണത്തിനാണ് സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്. യു.ഡി.എഫ്. സർക്കാരിന് സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ് പുതിയ നിയമനിർമ്മാണവുമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ട് പോകുന്നത്. ക്യാമ്പസ്സുകളെ അരാഷ്ട്രീയവൽക്കരിക്കുന്നതിനാണ് സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ ഇന്റേണൽ മാർക്കിന്റെ പേരിലുള്ള ഇടപെടൽ നടത്തുന്നത്. സമിതി നിശ്ചയിക്കുന്നതിനേക്കാൾ കൂടുതൽ പണം വാങ്ങിയാൽ ആ സ്ഥാപനത്തിന്റെ അംഗീകാരം റദ്ദാക്കുന്നതും പത്തുലക്ഷം രൂപവരെ പിഴ ചുമത്തുന്നതുമാണ്. ഈ തുക നേരിട്ട് അടച്ചില്ലെങ്കിൽ ഭൂമിയിന്മേലുള്ള പൊതു കരകുടിശ്ശിക എന്നപോലെ ഈടാക്കുമെന്നും പട്ടികജാതി, പട്ടികഗോത്രവർഗ്ഗത്തിൽപ്പെടുന്ന ആളുകൾക്കും മറ്റ് പിന്നാക്ക സമുദായത്തിൽപ്പെട്ട പൗരൻമാർക്കും പ്രവേശന ഘട്ടത്തിൽ സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന

പ്രകാരമുള്ള സംവരണം ഉണ്ടായിരിക്കേണ്ടതാണെന്നും പറയുന്നുണ്ട്. സാധാരണ കുട്ടികൾക്കും പഠിക്കാൻ കഴിയുന്ന തരത്തിൽ ഫീസ് കുറയ്ക്കുന്നതിനുള്ള മാർഗ്ഗവും ബില്ലിന്റെ ഭാഗമായി കൊണ്ടുവരണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കേരളത്തിലെ സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിനുള്ള സമഗ്രമായ നിയമമാണ് ഈ ബില്ലിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ബാലാവകാശ കമ്മീഷനിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽനിന്ന് ശാസ്ത്രീയവും സത്യസന്ധവുമായിട്ടാണ് ഇന്റർവ്യൂ കമ്മിറ്റി ആറുപേരെ തെരഞ്ഞെടുത്തിട്ടുള്ളത്. ഈ വർഷത്തെ സ്വാശ്രയ അലോട്ട്മെന്റുമായും ഫീസ് നിർണ്ണയവുമായും ബന്ധപ്പെട്ട് ഒട്ടേറേ പ്രശ്നങ്ങളുണ്ടായിരുന്നു. ഇത്തവണ ഒരേ മെരിറ്റ് ലിസ്റ്റിൽനിന്നും അലോട്ട്മെന്റ് നടത്തുന്നതുകൊണ്ട് സർക്കാരിന് സ്വകാര്യ മാനേജ്മെന്റുകളുമായി എഗ്രിമെന്റുണ്ടാക്കാൻ സാധിച്ചില്ല. അതുകൊണ്ട് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഏകീകൃത ഫീസ് ആദ്യം അംഗീകരിക്കുകയും തുടർന്ന് ഫീസ് വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായി മാനേജ്മെന്റുകൾ കോടതിയെ സമീപിക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ വർഷത്തെ ഫീസിൽത്തന്നെ പഠിപ്പിക്കാമെന്ന് പറഞ്ഞ മാനേജ്മെന്റുകളുമായി സർക്കാർ എഗ്രിമെന്റ് വയ്ക്കുകയും അഞ്ചുലക്ഷം രൂപയുടെ

ഫീസിനൊപ്പം ആറുലക്ഷം രൂപ ബാങ്ക് ഗ്യാരന്റികൂടി വാങ്ങാവുന്നതാണെന്ന് ഹൈക്കോടതി ഉത്തരവിടുകയും ബാങ്ക് ഗ്യാരന്റി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ കോടതിയെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. സ്വാശ്രയ സംരംഭം വന്നതിനുശേഷം കോടതിയെ സമീപിച്ചുകൊണ്ട് അലോട്ട്മെന്റ് അപകടപ്പെടുത്താൻ മാനേജ്മെന്റുകൾ ശ്രമിച്ചിട്ടുണ്ട്. സുപ്രീംകോടതി നിർദ്ദേശിച്ച തീയതിയിൽ സംസ്ഥാനത്ത് അലോട്ട്മെന്റ് പ്രക്രിയ ആരംഭിച്ചുവെങ്കിലും സ്വാശ്രയമാനേജ്മെന്റുകൾ ഇടക്കാലവിധി സമ്പാദിച്ചതുമൂലം ചില ആശയക്കുഴപ്പങ്ങളുണ്ടായിട്ടുണ്ട്. അന്തിമവിധി വരുന്ന മുറയ്ക്ക് പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്. നിയമപരമായ പിൻബലത്തോടെ സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. രേഖകൾ ഹാജരാക്കുന്നതിൽ സ്വാശ്രയ മാനേജ്മെന്റുകൾ വരുത്തുന്ന കാലതാമസമൊഴിവാക്കാനും നിശ്ചിത ഫീസ് നിശ്ചയിച്ചുകൊണ്ട് അലോട്ട്മെന്റ് പ്രക്രിയ നേരത്തെ ആരംഭിക്കുന്നതിനും ഈ ബിൽ പാസ്സാക്കുന്നതിലൂടെ കഴിയും. അമിതഫീസും തലവരിപ്പണവും വാങ്ങുന്നതിനെതിരെ പിഴ ഈടാക്കുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ ബിൽ അവതരിപ്പിക്കുന്നതിൽ അല്പം കാലതാമസമുണ്ടായെങ്കിലും സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാനുള്ള

സർക്കാരിന്റെ ഇച്ഛാശക്തിയാണ് ഇതിലൂടെ വെളിവായിട്ടുള്ളത്. എൻ.ആർ.ഐ. വിഭാഗത്തിൽ നിന്നും ലഭ്യമാകുന്ന അധിക തുക പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഉപയോഗപ്പെടുത്താനുള്ള വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ സംസാരിക്കാൻ വൈമനസ്യമുള്ളതിനാലാണ് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചത്.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

മന്ത്രി താഴെ പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

202. ഖണ്ഡം 2(എച്ച്) ൽ "എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ്" എന്ന വാക്കുകൾ ഒഴിവാക്കുക.

249. ഖണ്ഡം 2(ആർ)-ൽ "ആളുകൾക്കുവേണ്ടി" എന്നത്

"വിദ്യാർത്ഥികൾക്കുവേണ്ടി" എന്ന് മാറ്റുക

164, 216, 227, 229 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

മന്ത്രി താഴെ പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

304. ഖണ്ഡം 3(2) (എച്ച്)-ൽ രണ്ടാം നിരയിൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്ന വാക്കുകൾ ഒഴിവാക്കുക.

312. ഖണ്ഡം 3(2) (ഐ)-ൽ രണ്ടാം നിരയിൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

319. ഖണ്ഡം 3(2) (ജെ)-ൽ രണ്ടാം നിരയിൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്ന വാക്കുകൾ ഒഴിവാക്കുക.

270, 273, 274, 278, 279, 283, 288, 291, 296, 310, 315 എന്നീ നമ്പർ

ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും താഴെപ്പറയുന്ന ഭേദഗതിയും സഭ അംഗീകരിച്ചു.

278. ഖണ്ഡം 3(1)-ൽ "പ്രവേശനം തേടുന്ന അപേക്ഷകരിൽ നിന്നും" എന്നീ വാക്കുകൾക്ക് പകരം "പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും" എന്ന് ചേർക്കുക.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

മന്ത്രി താഴെ പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

368. ഖണ്ഡം 4(8)-ൽ "ചെയർപേഴ്സന്റേയും" എന്നതിനുശേഷം "നാമനിർദ്ദേശം ചെയ്യപ്പെട്ട" എന്ന് ചേർക്കുക.

363, 369 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

മന്ത്രി താഴെ പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

371. ഖണ്ഡം 5(1)-ൽ "വച്ച്" എന്ന വാക്ക് ഒഴിവാക്കുക.

378. ഖണ്ഡം 5(2)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(3) സമിതി യോഗത്തിന്റെ ക്വാറം 4 (നാല്) ആയിരിക്കേണ്ടതാണ്"

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

മന്ത്രി താഴെ പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

403. ഖണ്ഡം 6(2)-ലെ ക്ലിപ്ത നിബന്ധനയിൽ "നൽകാവുന്നതാണ്" എന്നതിനു പകരം "നൽകേണ്ടതാണ്" എന്ന് ചേർക്കുക.

382, 384, 386, 402, 407, 412 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും താഴെപ്പറയുന്ന ഭേദഗതിയും സഭ അംഗീകരിച്ചു.

382. ഖണ്ഡം 6(1)-ൽ "സ്വകാര്യ" എന്ന വാക്കിനുമുമ്പ് "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

416. ഖണ്ഡം 8 (3)-ൽ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

മന്ത്രി താഴെ പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

424. ഖണ്ഡം 8 (1)(എ) യിൽ "തീയതിയോടെ" എന്നതിനുപകരം "തീയതിയ്ക്കകം" എന്ന് ചേർക്കുക.

429. ഖണ്ഡം 8 (1)(എ)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടി ചേർക്കുക. " എന്നാൽ, സമിതി ആവശ്യപ്പെടുന്ന വിവരമോ പ്രമാണമോ രേഖകളോ സ്ഥാപനം യഥാസമയം ഹാജരാക്കാത്ത പക്ഷം യുക്തമായ നടപടി സ്വീകരിക്കുകയോ സ്വീകരിക്കുന്നതിന് സർവ്വകലാശാലയോടോ സമുചിത അധികാരസ്ഥാനത്തിനോടോ ശുപാർശ ചെയ്യാവുന്നതാണ്."

456. ഖണ്ഡം 8 (1) (സി) (ii)-ന്റെ ക്ലിപ്ത നിബന്ധനയിൽ "(3)-ാം ഉപ വകുപ്പ്" എന്നതിനു പകരം (4)-ാം ഉപ വകുപ്പ് എന്ന് ചേർക്കുക.

462. ഖണ്ഡം 8 (3) -ൽ "അപേക്ഷകന് " എന്നത് "വിദ്യാർത്ഥികൾക്ക് " എന്ന് മാറ്റുക.

466. ഖണ്ഡം 8 (3) -ൽ "യാതൊരു സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനവും " എന്നതിനു പകരം "യാതൊരു സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനവും " എന്ന് ചേർക്കുക.

483. ഖണ്ഡം 8 (4)(ബി)-ൽ "ആക്റ്റിലെ" എന്നത് "ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ" എന്ന് മാറ്റുക.

417, 420, 422, 430, 439, 446, 452, 469, 472, 491, 504 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

417. ഖണ്ഡം 8 (1)-ൽ " അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്" എന്നതിനുപകരം " അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്" എന്ന് ചേർക്കുക.

491. ഖണ്ഡം 8 (4)(സി)-ൽ "അത്" എന്ന വാക്കിന് പകരം "സ്ഥാപനം" എന്ന വാക്ക് ചേർക്കുക.

504. ഖണ്ഡം 8 (4)(ഇ)-ൽ "അധികാരസ്ഥാനത്തിനോടോ" എന്നതിനു പകരം "അധികാരസ്ഥാനത്തോടോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

507. ഖണ്ഡം 9(2)-ൽ "(1)-ാം ഉപവകുപ്പിൽ പറഞ്ഞ പ്രകാരമുള്ള" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും ഒഴിവാക്കുക;
ഖണ്ഡം 9(3)-ൽ "ആക്റ്റിലെയോ" എന്ന വാക്കിനു പകരം "ആക്ടിലെയും" എന്ന വാക്കും "ചട്ടങ്ങളിലെയോ" എന്ന വാക്കിനു

പകരം "ചട്ടങ്ങളിലെയും" എന്ന വാക്കും ചേർക്കേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

513. ഖണ്ഡം 10-ൽ "ആളുകൾക്കും" "പൗരൻമാർക്കും" എന്നീ വാക്കുകൾ വരുന്നിടത്ത് "വിദ്യാർത്ഥികൾക്കും" എന്ന് ചേർക്കുക.

518-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

520. ഖണ്ഡം 11(1)-ൽ-"സ്ഥാപനം ചുമത്തേണ്ടുന്ന ഫീസ്" എന്ന വാക്കുകൾക്ക് പകരം "സ്ഥാപനത്തിന് ചുമത്താവുന്ന ഫീസ്" എന്ന വാക്കുകൾ ചേർക്കുക.

537. ഖണ്ഡം 11 (2)-ൽ "ഒരവസരം" എന്ന വാക്കിന് മുൻപ് "ന്യായമായ" എന്ന വാക്ക് ചേർക്കുക.

525, 526, 527, 528, 529, 530, 533 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

528. ഖണ്ഡം 11(1) (എഫ്)-ലെ "അല്ലെങ്കിൽ" എന്ന വാക്ക് നീക്കം ചെയ്യുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

550. ഖണ്ഡം 13 ൽ "സർക്കാരിനോ" എന്നതിനു ശേഷം "ഉദ്യോഗസ്ഥർക്കോ അല്ലെങ്കിൽ ജീവനക്കാർക്കോ"എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

557. ഖണ്ഡം 16(2)(സി)-ൽ,

(i)"എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ്" എന്നീ വാക്കുകൾ ഒഴിവാക്കുക;

ഖണ്ഡം 16(2)(ഡി)-ൽ,

(ii)"എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

558. ഖണ്ഡം 16(1)ൽ "സംസ്ഥാന" എന്ന വാക്ക് ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 17-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

571. ഖണ്ഡം 17-ൽ "ഒന്നോ അതിലധികമോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി " എന്നത് “ ഒന്നോ അതിലധികമോ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി " എന്ന് മാറ്റുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

575. ഖണ്ഡം 19 -ൽ "ചോദ്യം ചെയ്യാൻ" എന്ന വാക്കുകൾക്ക് പകരം "ചോദ്യം ചെയ്യപ്പെടാൻ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

115, 130, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

130. പീഠികയിൽ "ആളുകൾക്ക്" എന്ന വാക്കിന് പകരം "വിദ്യാർത്ഥികൾക്ക്" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ( ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017- ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017- ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## IX **അറിയിപ്പ്**

<u>മി. സ്പീക്കർ</u>: ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സാമാജികർക്കായി 'പട്ടികജാതി വികസന വകുപ്പ് ദുരിതാശ്വാസ നിധി സോഫ്റ്റ്വെയർ ലോഞ്ചിംഗ്, ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന്റെ ഡെമോൺസ്ട്രേഷൻ' എന്നിവ ഉണ്ടായിരിക്കുന്നതാണ്.

സഭ ഉച്ചയ്ക്കുശേഷം 3.32- ന് പിരിഞ്ഞു.

*************